ക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ചാലക്കുടി പരിയാരം വില്ലേജിൽ മാംസ സംസ്കരണ ഫാക്ടറിക്കുവേണ്ടി ആറിൽ ചില്വാനം ഹെക്ടർ സ്ഥലം സർക്കാർ പൊന്നുംവിലയ്ക്കെടുത്തു. 4-5-1987-ൽ മീററ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്ക് ഇത് കൈമാറുകയുണ്ടായി. സോവിയററ് റഷ്യയുടെ സഹായത്തോടുകൂടി മാംസ സംസ്കരണ ഫാക്ടറി തുടങ്ങുന്നതിന് 1987-ൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരത്തിന് അയച്ചു. റഷ്യൻ വിദഗ്ദ്ധരുമായി രണ്ടു തവണ സർക്കാർതലത്തിൽ ചർച്ച നടത്തിയെങ്കിലും തയ്യാറാക്കിയ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ സ്റേററ് ഗവൺമെൻറ് പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെൻറിന് വീണ്ടും സമർപ്പിക്കുകയുണ്ടായി. അതു പ്രകാരം വാണിജ്യ മന്ത്രാലയം ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഏജൻസികളായി കേന്ദ്ര ഗവൺമെൻറിൻെറ മൃഗ സംരക്ഷണ വകുപ്പ്, ഫുഡ് പ്രോസസിംഗ് വകുപ്പ്, സ്റേററ് ട്രേഡിംഗ് കോർപ്പറേഷൻ, സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ് തുടങ്ങിയവയുമായി 7-11-1990-ൽ ചർച്ച നടത്തുകയും അതിൻെറ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാന ഗവൺമെൻറിനെ ചുമതലപ്പെടുത്തുകയും ചെയ്തു. അതുപ്രകാരം 600 ലക്ഷം രൂപ മുതൽമുടക്ക് വരുന്ന ഒരു പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 3-1-1991-ൽ കേന്ദ്ര ഗവൺമെൻറിൻെറ വാണിജ്യ മന്ത്രാലയത്തിൽ സമർപ്പിക്കുകയുണ്ടായി. 7-11-1990-ൽ നടത്തിയ മീററിംഗിൽവച്ച് കേന്ദ്ര ഗവൺമെൻറ് പദ്ധതി ചെലവിൻെറ മൂന്നിലൊന്നുഭാഗം തരാമെന്നു സമ്മതിക്കുകയും ബാക്കി തുക മററു സ്ഥാപനങ്ങളിൽനിന്നും സ്വരൂപിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. എസ്. ടി. സി. ഇതിലേക്ക് വേണ്ടിവരുന്ന മാർക്കററിംഗ് സപ്പോർട്ട് തരാമെന്നു സമ്മതിച്ചിട്ടുണ്ട്. അതിനുശേഷം ഈ പദ്ധതി യു. എൻ. ഡി. പി.യിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കുറെ വിവരങ്ങൾ ആവശ്യപ്പെടുകയും അത് 16-2-1991-ൽ അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെൻറിൻെറ വാണിജ്യ മന്ത്രാലയത്തിൻെറ നിർദ്ദേശം കാത്തിരിക്കുകയാണ്. ആദ്യത്തെ റഷ്യൻ കൊളാബറേഷൻ മാറി ഇപ്പോൾ കേന്ദ്ര വാണിജ്യ മന്ത്രാലയവുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

## VI. റൂളിംഗ്

### പി. എസ്. സി. മെമ്പർമാരുടെ നിയമനം സംബന്ധിച്ച്

ശ്രീ എം. എം. ഹസ്സൻ: സർ, റൂൾ 304 അനുസരിച്ച് ഒരു സബ്മിഷൻ അനുവദിക്കാമെന്ന് അങ്ങ് എന്നോട് സമ്മതിച്ചതാണ്.

മി. സ്പീക്കർ: സബ്മിഷന് മറുപടി പറയാൻ മന്ത്രി ഇവിടെയില്ല.

ശ്രീ. എം. എം. ഹസ്സൻ: മന്ത്രി ബേബിജോണിൻെറ ഭാര്യാസഹോദരിയെ പി. എസ്. സി. മെമ്പറായി നിയമിച്ചിരിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു സബ്മിഷനാണ്. അതിനെ സംബന്ധിച്ച് ഒരു അടിയന്തിരപ്രമേയത്തിനു നോട്ടീസു തന്നിരുന്നു. അങ്ങ് സബ്മിഷനായി അനുവദിക്കാമെന്ന് പറഞ്ഞു. റൂൾ 304 അനുസരിച്ച് ഭരണഘടനാപരമായ കാര്യങ്ങളൊക്കെ പറയാൻ നിവൃത്തിയില്ലെങ്കിൽ, ഈ ഗവൺമെൻറിൻെറ

LIBRARY ARCHIVES Kerala Legislative Assembly

ഫേവററിസവും അഴിമതിയുമൊക്കെ ചൂണ്ടിക്കാണിക്കാൻ ഈ സഭയ്ക്ക് അവകാശമുണ്ട്. മന്ത്രി ബേബിജോണിന്റെ ഭാര്യാ സഹോദരിയെ പി. എസ്. സി. യിൽ നിയമിച്ചത് ഫേവററിസമാണ്. അത് പറയാൻ ഞങ്ങൾക്ക് അനുവാദം തരണം.

<u>ശ്രീ. കെ. കരുണാകരൻ:</u> അങ്ങ് ഇവിടെ നേരത്തെ ഒരു കാര്യം ഇതിനെപ്പററി പറയുകയുണ്ടായി. ഒന്ന്, ഗവൺമെൻറിൻെറ തീരുമാനം. രണ്ട്, ആ തീരുമാനത്തെ തുടർന്നുണ്ടാകുന്ന സ്ഥാപനം. ഇത് രണ്ടും രണ്ടാണ്. പി. എസ്. സി. മെമ്പർമാരുടെ കോൺഡാക്ട്, അവരുടെ ഫങ്ഷനെക്കുറിച്ചൊക്കെ ചില നിബന്ധനകളും വ്യവസ്ഥകളുമുണ്ട്. ഗവൺമെൻറിൻെറ നടപടിയെ ചോദ്യം ചെയ്യുന്നതും പബ്ലിക് സർവ്വീസ് കമ്മീഷനെ വിമർശിക്കുന്നതും രണ്ടും രണ്ടാണ്. അപ്പോൾ ഗവൺമെൻറ് നിയമനം നടത്തിയതിൽ സ്വജനപക്ഷപാതം ഉണ്ടെന്നുള്ള ഒരു വസ്തുത ചൂണ്ടിക്കാണിക്കുന്നത് ഒരിക്കലും നിയമ തടസ്സമായി തീരുന്നില്ല. അതുകൊണ്ട് അങ്ങ് ഇത് പരിശോധിക്കണം. ഗവൺമെൻറിൻെറ ഫങ്ഷനും പബ്ലിക് സർവ്വീസ് കമ്മീഷൻെറ ഫങ്ഷനും രണ്ടും രണ്ടാണ്. അപ്പോൾ ഗവൺമെൻറിൻെറ ഫങ്ഷനാണ് പബ്ലിക് സർവ്വീസ് കമ്മീഷനെ നിയമിക്കുകയെന്നുള്ളത്. ആ വശമുന്നയിക്കാൻ പാടില്ലെന്ന് പറയുന്നത് ശരിയാണോ? നേരെമറിച്ച് കമ്മീഷൻെറ ഫങ്ഷൻ ആണെങ്കിൽ ഞാൻ സമ്മതിക്കുന്നു. ഇത് അങ്ങ് പുനഃപരിശോധിക്കണം.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൻെറയും സഭയുടേയും അറിവിലേക്കായി ഞാൻ ഒരു കാര്യം പറയട്ടെ. ഭരണഘടനയുടെ 315-ാം വകുപ്പനുസരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു സ്വതന്ത്ര പരമാധികാര സമിതിയാണ്. ആ സമിതിയുടെ കോൺഡാക്ടിനെ സംബന്ധിച്ചും, അതിൻെറ നിയമനങ്ങളെ സംബന്ധിച്ചും സഭയിൽ ചർച്ചാവിഷയമാകുന്നത് ഭരണഘടനയുടെ പൊതു തത്വങ്ങൾക്കെതിരാണ്. എന്നാൽ ഒരു പ്രത്യേക സന്ദർഭത്തിൽ ചർച്ചയാകാം. പബ്ലിക് സർവ്വീസ് കമ്മീഷൻെറ വാർഷിക റിപ്പോർട്ട് ഈ സഭയിൽ അവതരിപ്പിച്ചാൽ ഒരംഗത്തിന് നോട്ടീസ് കൊടുത്ത് സഭയിൽ ആ വാർഷിക റിപ്പോർട്ടിൻമേലുള്ള ചർച്ചയാകാം. അതിന് വ്യവസ്ഥയുണ്ട്. ഈ നിയമസഭയിൽതന്നെ വളരെ അപൂർവ്വമായി ഞാൻ ഇതുപോലുള്ള നോട്ടീസ് കൊടുത്ത് സ്പീക്കറുടെ അനുമതിയോടുകൂടി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻെറ പ്രവർത്തന റിപ്പോർട്ട് ചർച്ച ചെയ്തിട്ടുണ്ട്. അതൊഴിച്ചാൽ മററ് ഒരവസരത്തിലും പബ്ലിക് സർവ്വീസ് കമ്മീഷൻെറ ഘടനയെ സംബന്ധിച്ചോ, പ്രവർത്തനങ്ങളെ സംബന്ധിച്ചോ ഉള്ള പരാമർശങ്ങൾ പാടില്ല. അതാണ് പൊതു തത്വം. എന്തായാലും ഒരു മന്ത്രിയുടെ ബന്ധുത്വം ഡിസ്ക്വാളിഫിക്കേഷനാകാനും പാടില്ല, ക്വാളിഫിക്കേഷനാകാനും പാടില്ല. അതാണ് അതിൻെറ തത്വം. ഒരു മന്ത്രിയുടെ ബന്ധുവായി പോയെന്ന് വിചാരിച്ച് ഡിസ്ക്വാളിഫിക്കേഷനായിക്കൂട. അതേസമയം ഒരാൾ മന്ത്രിയുടെ ബന്ധുവാണെന്ന് വിചാരിച്ച് ക്വാളിഫിക്കേഷനാകാനും പാടില്ല. ഇതാണ് പ്രശ്നം. അതിനെ സംബന്ധിച്ചുള്ള ചർച്ച ആവശ്യമില്ല. യൂണിയൻ പബ്ലിക സർവ്വീസ് കമ്മീഷനെ നിയമിക്കുന്നത് പ്രസിഡൻറും, സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻെറ പൂർണ്ണമായ നിയമന അധികാരം ഗവർണ്ണർക്കുമാണ്. അത് ഗവൺമെൻറിൻെറ തീരുമാനപ്രകാരമാണ് ചെയ്യുന്നുവെന്നുള്ളത് വേറൊരു കാര്യം. പക്ഷേ അത് ഈ സഭയിൽ ചർച്ചാവിഷയമാകാൻ നിവൃത്തിയില്ല. അതുകൊണ്ട് അതിനെക്കുറിച്ചുള്ള പരാമർശനമൊന്നും അനുവദനീയമല്ല എന്നുള്ള കാര്യം ഞാൻ സഭാംഗങ്ങളെ അറിയിച്ചുകൊള്ളുന്നു..

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. കരുണാകരൻ:</u> ഈ ഭരണഘടനാപരമായ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഗവർണ്ണറാണ് നിയമിക്കുന്നതെങ്കിലും അദ്ദേഹത്തിന് സ്വതന്ത്രമായി നിയമിക്കാൻ അവകാശമില്ല. നേരേമറിച്ച് ക്യാബിനററിന്റെ അഡ്വൈസാണ്. അപ്പോൾ ക്യാബിനററിന്റെ അഡ്വൈസെന്നു പറയുന്നത് ഗവർണ്ണറുടെ പരിപൂർണ്ണ അധികാരത്തിന്റേതല്ല. ഇത് ഭരണഘടനാപരമായ പ്രശ്നമാണ്. ഇത് ഒരു ഇഷ്യു അല്ല, ഭരണഘടനാപരമായ പ്രശ്നമാണ്. അപ്പോൾ ഭരണഘടനാപരമായിട്ട് ക്യാബിനെററിന്റെ റെക്കമെന്റേഷൻ ഗവർണ്ണർ ആക്സപ്ററു ചെയ്യുന്നു. നിയമിക്കുന്നത് ഗവർണ്ണറാണെങ്കിലും ക്യാബിനററാണ് അത് റെക്കമെൻറു ചെയ്യുന്നത്. സ്റേററിന്റെ ഭരണത്തലവനാണ് ഗവർണ്ണർ. പക്ഷെ അത് നാമമാത്രമാണ്. മന്ത്രിസഭക്കാണ് അധികാരമുള്ളത്. അപ്പോൾ മന്ത്രിസഭ ചെയ്യുന്ന ഒരു നടപടിയെ ചോദ്യം ചെയ്യാൻ പാടില്ലേ? അത് ഗവർണ്ണർ നിയമിക്കുന്നുവെന്നുള്ളതുകൊണ്ട് ചോദ്യം ചെയ്യപ്പെടാൻ പാടില്ലെന്നുള്ള നിഗമനത്തിൽ എത്തുന്നത് ശരിയാണോ?

<u>മി. സ്പീക്കർ:</u> ഞാൻ പ്രതിപക്ഷ നേതാവ് പറഞ്ഞതിനോട് വിയോജിച്ചുകൊണ്ട് പറയട്ടെ, ഒരു നിയമനത്തെ സംബന്ധിച്ചുള്ള ഡിസ്ക്രീഷൻ ഗവർണ്ണർക്കുണ്ട്. മന്ത്രിസഭ ശുപാർശ ചെയ്തിരുന്നാലും അതിന്റെ ന്യായാന്യായങ്ങളെ സംബന്ധിച്ച് അവസാന തീരുമാനമെടുക്കാനുള്ള അധികാരം ഗവർണ്ണർക്കാണ്. പ്രത്യേകിച്ച് പബ്ലിക് സർവ്വീസ് കമ്മീഷനെപ്പോലുള്ള കോൺസ്ററിററ്യൂഷണൽ ബോഡിയുടെ രൂപീകരണത്തെ സംബന്ധിച്ചിടത്തോളം Governor has the discretion അതിൽ യാതൊരു സംശയവുമില്ല. അതിന്റെ തീരുമാനം ഗവർണ്ണർക്കാണ്; അത് ഇവിടെ ചർച്ചാവിഷയമാക്കാൻ നിവൃത്തിയില്ല.

<u>ശ്രീ. എം. എം. ഹസ്സൻ:</u> ഈ ഗവൺമെൻറിന്റെ കറപ്ഷൻസ് ഈ സഭയിൽ പറഞ്ഞുകൂടേ?

<u>മി. സ്പീക്കർ:</u> പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ട് ഈ സഭയിൽ വരും. അപ്പോൾ ഏതൊരംഗത്തിനും നോട്ടീസ് കൊടുത്ത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ അധികാരമുണ്ട്, പക്ഷെ പബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങളുടെ കോൺഡക്ടിനെക്കുറിച്ച് ചർച്ച ചെയ്യാൻ കഴിയുകയില്ല. നിയമസഭ എന്നുപറയുന്നത് ഒരു പെർപ്പച്ച്യുവൽ ബോഡിയാണ്. അത് ഒരു സ്ഥിരം സമിതിയാണ്. ജനാധിപത്യ ഭരണഘടന നിലവിലുള്ള കാലത്തോളം നിയമനിർമ്മാണ സഭയുണ്ടായിരിക്കും. അതിലെ അംഗങ്ങൾ മാറിയിരിക്കും നമ്മളൊക്കെ മാറിപ്പോയാലും നിയമസഭയുണ്ട്. നിയമസഭാ നടപടികളുണ്ട്. ആ അവസരത്തിൽ ചർച്ച ചെയ്യാം. പക്ഷേ പബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങളുടെ കോൺഡക്ടിനെക്കുറിച്ചോ, മന്ത്രിയുടെ ബന്ധുത്വത്തെക്കുറിച്ചോയുള്ള യാതൊരു ചർച്ചയും അനുവദനീയമല്ല.

<u>ശ്രീ. എം. എം. ഹസ്സൻ:</u> * * * *

<u>മി. സ്പീക്കർ:</u> ശ്രീ. ഹസ്സൻ പറഞ്ഞത് വളരെ നിർഭാഗ്യകരമായിപ്പോയി. ഈ കാര്യം പത്രത്തിൽ കൊടുക്കാൻ പാടില്ല. ആ രീതിയിലുള്ള പരാമർശം രേഖയിൽനിന്നും നീക്കം ചെയ്യും.

* * * ബഹു സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തിരിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: ഈ സഭയിലെ അംഗങ്ങളുടെ അവകാശങ്ങൾ പരിപാലിക്കേണ്ട ആളാണ് ചെയർ. * * *

മി. സ്പീക്കർ: ഞാൻ ആർക്കും കൂട്ടുനിൽക്കുന്ന പ്രശ്നമില്ല. ചട്ട പ്രകാരം ഭരണഘടനയുടെ തത്വങ്ങളനുസരിച്ച് ഈ സ്ഥാപനങ്ങളുടെ ഇൻറഗ്രിററി നിലനിർത്തുന്നതിനുള്ള ചുമതല നമുക്കുണ്ട്. ജുഡീഷ്യറി, പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയവയുടെ ഇൻറഗ്രിററി നിലനിർത്താൻ സ്പീക്കർ ബാധ്യസ്ഥനാണ്. അതുകൊണ്ട് ഒരു പരാമർശവും അനുവദിക്കാൻ നിവൃത്തിയില്ല.

...................(ബഹളം)...................

## VII. നിയമനിർമ്മാണകാര്യം

### സബ്ജക്റ്റ് കമ്മിററി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 1989-ലെ കേരളാ ടൂറിസ്റ്റ് ട്രേഡ് രജിസ്ട്രേഷൻ ബിൽ

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി സബ്ജക്ട് കമ്മിററി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1989-ലെ കേരളാ ടൂറിസ്റ്റ് ട്രേഡ് രജിസ്ട്രേഷൻ ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. എം. എം. ഹസ്സൻ: ക്രെഡിബിലിററിയില്ലാതെ എങ്ങനെയാണ് പി. എസ്. സി. യിൽ ഇൻറഗ്രിററിയുണ്ടാകുന്നത്. സഭ സമ്മേളിച്ചു കൊണ്ടിരിക്കുന്നവസരത്തിൽ ഇത്രയും വലിയ അഴിമതി നടക്കുകയല്ലേ? ക്രെഡിബിലിററിയും ഇൻറഗ്രിററിയും നശിപ്പിക്കുന്നത് അഴിമതിയല്ലേ? അത് ഈ സഭയിൽ അല്ലെങ്കിൽ എവിടെയാണ് ഉന്നയിക്കുന്നത്? തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ഒരു ഗവൺമെൻറാണ് ഇത്രയും വലിയ അഴിമതി നടത്തിയത്. ഇത്തരത്തിലൊരു സംഭവം സംസ്ഥാനത്തിൻെറ ചരിത്രത്തിൽ ഇന്നുവരെയുണ്ടായിട്ടില്ല. ഇത് ഉന്നയിക്കാൻ അനുവാദം തരണം.

**Mr. Speaker:** No, no, you are creating a bad Precedent. You cannot discuss about the Public Service Commission. അത് അനുവദിക്കാൻ നിവൃത്തിയില്ല. ...................(ബഹളം)...................... കോടതിയെക്കുറിച്ചും, പബ്ലിക് സർവ്വീസ് കമ്മീഷനെക്കുറിച്ചും പരാമർശമാകാം. പക്ഷേ അത് ചട്ടപ്രകാരമായിരിക്കണം. ഇവിടത്തെ പരാമർശം ചട്ടപ്രകാരമല്ല.

ശ്രീ. എം. എം. ഹസ്സൻ: ഞങ്ങൾ ചട്ടപ്രകാരമാണ് കൊണ്ടുവന്നത്. അങ്ങ് ഈ സഭയിലെ അംഗങ്ങളുടെ അവകാശം പരിപാലിക്കണം.

മി. സ്പീക്കർ: ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും അവകാശങ്ങൾ പരിരക്ഷിച്ചിട്ടാണ് റൂളിംഗ് നൽകിയത്.

---

* * * ബഹു. സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly